# വാഗ്ദാനം



Dubai Malayalee Catholic Congregation News Letter



കൃപ നിറഞ്ഞ മറിയമേ,
അമ്മയെപ്പോലെ ഞങ്ങളും രക്ഷകനായ ദൈവത്തിൽ
ആനന്ദിക്കുവാനുള്ള കൃപയ്ക്കായി ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.



# എഡിറ്റോറിയൽ

പ്രിയ സഹോദരി സഹോദരൻമാരേ,

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപരണ തിരുന്നാൾ മംഗളങ്ങൾ ഏവർക്കും ഹൃദയപൂർവ്വം നേരുന്നു.

മനുഷ്യൻ ചന്ദ്രനിൽ കാല് കുത്തിയിട്ട്, അര നൂറ്റാണ്ട് പിന്നിട്ടത് കഴിഞ്ഞ ജൂലായ് മാസത്തിലാണ്. ജൂലായ് മാസത്തിൽ തന്നെ ഭാരതവും, ചന്ദ്രയാൻ വിക്ഷേപണവും വിജയകരമായി നടത്തി. ശാസ്ത്രജ്ഞൻമാരുടെ കഠിനാധ്വാനവും ശാസ്ത്ര സാങ്കേതിക വിദ്യയുടെ വളർച്ചയുമാണ്, അഭിനന്ദാർഹമായ ഈ നേട്ടങ്ങളുടെ അടിസ്ഥാനം. ആകാശഗംഗയിലെ ഈ വിജയകരമായ നേട്ടങ്ങൾ ഒരു വിശ്വാസിയെ അവന്റെ ആന്തരിക യാത്രയിലേക്ക് ക്ഷണിക്കുന്നു.

'അവന്റെ അമ്മ ഇക്കാര്യങ്ങളെല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു.' (ലൂക്ക. 5:51) എന്ന വചനം, പരിശുദ്ധ കന്യാകാമറിയത്തിൽ പൂർണ്ണമായും പ്രതിഫലിച്ചിരിക്കുന്ന ആന്തരികത വ്യക്തമാക്കുന്നു. പരിശുദ്ധ അമ്മയിൽ വിളങ്ങിയിരുന്ന ആന്തരിക ശോഭ അഥവാ ആന്തരിക സൗന്ദര്യം, നമുക്ക് ഓരോരുത്തർക്കും അനുകരണാർഹമാണ്. ആന്തരിക സ്വാതന്ത്ര്യത്തിലേക്കുള്ള വളർച്ച, നമുക്ക് ആന്തരിക ശോഭ അഥവാ ആന്തരിക സൗന്ദര്യം കൈവരിക്കാൻ സഹായിക്കുന്നു. ഇതിനു തടസ്സമായിരിക്കുന്ന നമ്മിലെ മനോഭാവങ്ങളെ, ജാഗ്രതയോടെ കണ്ടെത്താനും തിരുത്താനും നമുക്ക് സാധിക്കണം. ചിലപ്പോൾ നമ്മിൽ ഉണ്ടായേക്കാവുന്ന അസൂയ, അഹങ്കാരം, അത്യാഗ്രഹം, ആസക്തി, അപകർഷത, കോപം, വെറുപ്പ്, ഭയം, നിരാശ തുടങ്ങിയവയെ തിരിച്ചറിഞ്ഞ്, തിരുത്താൻ നമ്മൾ ശ്രമിക്കുന്നതനുസരിച്ച് നമ്മിൽ ആന്തരിക സ്വാതന്ത്ര്യം വർദ്ധിക്കും.

ആത്മീയ ജീവിതത്തിൽ, ആത്മപരിശോധന അഥവാ വിചിന്തനത്തിന്റെ അഭാവം നമ്മെ ആത്മീയ അന്ധതയിലേക്ക് നയിക്കുന്നു. കൃഷിക്കാരൻ വയലിൽ കൃഷി ഇറക്കി, എന്നാൽ രാത്രി വിശ്രമസമയത്ത് ശത്രുവന്ന് ഗോതമ്പി നിടയിൽ കളവിതച്ചു എന്നത് സുവിശേഷത്തിൽ 'കളകളുടെ ഉപമയിൽ' വായിക്കുന്നു. ഇത് നമുക്ക് തരുന്ന മുന്നറിയിപ്പ് നമ്മിലേക്കുള്ള ജാഗ്രതാകുറവിനേയാണ്. ശാസ്ത്രജ്ഞൻമാർ ജാഗ്രതയോടെ കഠിനാധ്വാനം ചെയ്തതുപോലെ, അതിനേക്കാൾ കൂടുതലായ ജാഗ്രതയിൽ, നമ്മിൽ രൂപപ്പെടുന്ന പ്രവണതകളെക്കുറിച്ച് നിരന്തര ജാഗ്രതയാണ് ആത്മീയ ജീവിതം ആവശ്യപ്പെടുന്നത്. എങ്കിൽ മാത്രമേ, നമ്മെ വളർത്തുന്ന കാര്യങ്ങൾ നമ്മൾ സംഗ്രഹിക്കുകയുള്ളൂ.

ദൈവത്തിന്റെ രൂപത്തിലും ഛായയിലും സൃഷ്ടിക്കപ്പെട്ട നമ്മൾ ഓരോരുത്തരും നമ്മെ കുറിച്ചുള്ള ശരിയായ അറിവ് നേടണം, നമ്മെ കുറിച്ചുള്ള സത്യം മനസ്സിലാക്കണം. എങ്കിൽ മാത്രമേ, നമുക്ക് നമ്മെ തിരുത്താൻ സാധിക്കുകയുള്ളൂ. അല്ലാത്തപക്ഷം, നമ്മൾ സ്വയം ന്യായീകരിച്ച് ജീവിക്കും, നമ്മൾ വളരുന്നുമില്ല പിന്നെയോ നമ്മളിൽ മുരടിച്ച ഉണ്ടാകുന്നു.

പരിശുദ്ധ കന്യകാമറിയം നൽകുന്ന സ്വാതന്ത്ര്യത്തിന്റെ ചിന്തകൾ, നമ്മെ ഓരോരുത്തരേയും വിമോചനത്തിലേയ്ക്കും സൗഖ്യത്തിലേക്കും ആന്തരീക സ്വാതന്ത്ര്യത്തിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

**ഫാ. അലക്സ് വാച്ചാപറമ്പിൽ**
avachacap@yahoo.com

MALAYALEE CATHOLIC CONGREGATION
ST. MARY'S CHURCH, DUBAI
പിതൃവേദി സമിതി

**രക്ഷാധികാരി**
ഫാ. ലെന്നി കോന്നുള്ളി OFM Cap.

**ചീഫ് എഡിറ്റർ**
ഫാ. അലക്സ് വാച്ചാപറമ്പിൽ OFM Cap.

**എഡിറ്റോറിയൽ ബോർഡ്**

ഉഷ കുരിയൻ
ഷാജി ജോസഫ്
ബിരെൺ ഫിലിപ്പ്
ജൂഡ് ഷൈജു
ലൂക്കോസ് വി.ചെറിയാൻ
ജോസഫ് പുലിക്കോട്ടിൽ

**ഉപദേശക സമിതി**
വിമൽ ചാലിശേരി
നിതീഷ് സേവ്യർ

**ടൈപ്പിംഗ്**
ജയൻ ക്രിസ്തുദാസൻ

**ആർട്ടിസ്റ്റ്**
ലിന്റോ തോമസ്
സെബാസ്റ്റ്യാൻ സിറിയക്ക്
ജോമോൻ ജോൺ
റിറ്റോ വെള്ളറ

**സർക്കുലേഷൻ**
റോയി തട്ടിൽ

*vagdanam.dubai@gmail.com*

# ...........താളുകൾ മറിക്കുമ്പോൾ...........

**ഇതാ നിന്റെ അമ്മ** 5
ജോബി പഴംപിള്ളിൽ

**പത്തു കന്യകമാർ** 6
രാജൻ ഫ്രാൻസിസ്

**അമ്മയുടെ സഹനം** 7
അൽഫോൻസ ജേയ്ക്കബ്

**തോമാശ്ലീഹാ** 10
പ്രിൻസി തോമസ്

**ആത്മസുഖം** 11
ജോബി ആലുംപറമ്പിൽ


**കർത്താവിനൊരു കത്ത്** 13
ടിന്റോ വർഗ്ഗീസ്

**പരിശുദ്ധ മറിയം – രക്തസാക്ഷികളുടെ രക്തസാക്ഷി** 15
ആൻമരിയ

**നേഴ്സസ് മിനിസ്ട്രി** 18

**ജീസസ് യൂത്തും ജൂബിലി ഒരുക്കങ്ങളും** 20

**പ്രണയം** 22



# ഇതാ നിന്റെ അമ്മ



ജോബി പഴംപിള്ളിൽ

ആദി മാതാപിതാക്കളുടെ പാപം നിമിത്തം മാനവവംശം പാപത്തിന്റെ അടിമത്വത്തിലേക്ക് നിപതിച്ചു. പുതിയ ഹവ്വയായ പരിശുദ്ധ കന്യാകാമാതാവിന്റെ അനുസരണം വഴിയായി മനുഷ്യവംശത്തിനു രക്ഷയിലേക്കുള്ള വഴി തുറന്നു കിട്ടി. പറുദീസായിൽ നഷ്ടധൈര്യരായി മരണത്തെ മുഖാമുഖം കണ്ടവർക്ക് ദൈവം രക്ഷയുടെ മാർഗ്ഗം കാണിച്ചു കൊടുക്കുന്നതിനോടൊപ്പം പുരാതന സർപ്പത്തെ (സാത്താനെ) ശിക്ഷിക്കുന്നു. നിഷ്കളങ്ക കന്യകയായ ഹവ്വാ സർപ്പത്തിന്റെ വാക്ക് ഉൾക്കൊണ്ട് അനുസരണക്കേടു വഴി മരണത്തിലേയ്ക്ക് നടന്നപ്പോൾ, പുതിയ ഹവ്വയായ പരിശുദ്ധ അമ്മ സന്തോഷത്തോടും വിശ്വാസത്തോടും കൂടെ ദൈവ വചനം സ്വീകരിച്ച് ലോകത്തെ ദൈവപദ്ധതിക്കനുസരിച്ച് രക്ഷയിലേക്കാനയിച്ചു.


സാത്താന്റെ വീഴ്ചയ്ക്ക് നിദാനമായത് അവന്റെ അഹങ്കാരമായിരുന്നു.(ഏശയ്യ:14:13) അവൻ ദൈവത്തെ മാനിച്ചില്ല. അത്യുന്നതന്റെ മുകളിൽ തന്റെ സിംഹാസനം ഉറപ്പിക്കാനാഗ്രഹിച്ചു. പക്ഷേ അവൻ പരാജിതനായി. ഇത്രയേറെ അഹങ്കാരമുള്ള സാത്താന്, ദൈവം തന്നെ നേരിട്ടു പരാജയപ്പെടുത്തിയാൽ ഇത്രയേറെ അപമാനമുണ്ടാകില്ലായിരുന്നു. അവന്റെ അഹന്തയ്ക്കുള്ള ദൈവത്തിന്റെ പദ്ധതിയായിരുന്നു ദൈവമാതാവിലൂടെ അവന്റെ തല തകർക്കുക എന്നത്. എളിമയുടേയും വിനയത്തിന്റേയും പര്യായമായ പരിശുദ്ധ അമ്മയിലൂടെയുള്ള പരാജയം സാത്താനെ അങ്ങേയറ്റം അപമാനിതനാക്കുന്നു.

തിൻമ ദൈവ ജനത്തിനുമേൽ ആധിപത്യം സ്ഥാപിക്കാൻ ശ്രമിച്ചപ്പോൾ ദൈവം നാരകീയ ശക്തിയുടെ തല സ്ത്രീയുടെ കൈകളിലൂടെ തകർത്തതായി പഴയ നിയമത്തിൽ നാം കാണുന്നു. കാനാൻ രാജാവായ യാബീന്റെ സൈന്യാധിപനും തിൻമയുടെ പര്യായവുമായ സിസേറയെ ജായേൽ  എന്ന സ്ത്രീ ചെന്നിയിൽ മരയാണി അടിച്ചുകയറ്റി കൊന്നതായി കാണുന്നു.(ന്യായ. 4:21). സ്വസഹോദരങ്ങളായ എഴുപതുപേരെയും കൊലപ്പെടുത്തിയ അബിമലക്കിനെ ഒരു സ്ത്രീയാണ് ഗോപുര മുകളിൽ നിന്നും തിരികല്ലിൻപിള്ള എറിഞ്ഞു തലയോട് തകർത്ത് കൊന്നത്.(ന്യായ. 9:53)

ഉൽപ്പത്തി 3:15 ദൈവം പറയുന്നു. "നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും." ഒരു ചേരിയിൽ പരിശുദ്ധ കന്യാകാമാതാവും അവളിലൂടെ ആത്മീയജന്മം കൊണ്ട് ക്രീസ്തുവിനോട് അനുരൂപരാകുന്ന മക്കളും, മറു ചേരിയിൽ സാത്താനും, ദൈവനിഷേധകരായ അവന്റെ അനുയായികളും. ഈ ലോകത്തിൽ ഒരു ആത്മീയ യുദ്ധം നടന്നുകൊണ്ടിരിക്കുകയാണ്. മേൽപറഞ്ഞ രണ്ടു ചേരി അല്ലാതെ മൂന്നാമതൊരു ചേരി ഇല്ല. നമുക്കും പരിശുദ്ധ ദൈവമാതാവിന്റെ കാപ്പായിൽ അഭയംതേടി അവളോടൊത്ത് ജപമാലയേന്തി ഈ ആത്മീയ പോരാട്ടത്തിൽ പങ്കാളികളാവാം.

# പത്തു കന്യകമാർ

കന്യകമാരവർ പത്തുപേരൊന്നിച്ചു
മണവാളനെ കാത്തുനിന്നിരുന്നു;
പട്ടുടയാടയണിഞ്ഞു നിന്നിരുന്നു;
കയ്യിൽ വിളക്കുകളേന്തിയോരവർ
സ്വപ്നങ്ങൾ കണ്ടങ്ങു നിന്നിരുന്നു;
ബുദ്ധി രഹിതരാം അഞ്ചുപേർ-
പാത്രത്തിലെണ്ണ കരുതിയില്ല;
ബുദ്ധിമതികളാം മറ്റ് അഞ്ചുപേർ-
പാത്രത്തിലെണ്ണയെടുത്തിരുന്നു.
കന്യകമാരവർ രാവേറെ വരനെ കാത്തിരുന്നു
മണവാളനെത്തിടാൻ വൈകിയതിനാലവർ
നിദ്രയിലറിയാതെയാണ്ടു പോയി;
ആർപ്പു വിളികേട്ടു ഞെട്ടിയുണർന്നവർ കേട്ടു
മണവാളനെത്തിയെന്നാമോദ വാർത്ത;
പത്തുപേരൊന്നിച്ച് പെട്ടെന്നെണീറ്റവർ
വിളക്കു തെളിച്ചവനെയെതിരേറ്റീടുവാൻ
മണവാളനെത്തിടും മുമ്പേ വിളക്കു തെളിച്ചെന്നാകിലും
പെട്ടെന്നു കെട്ടുപോയ് അഞ്ചു വിളക്കുകൾ;
യാചിച്ചു കേട്ടവർ മറ്റഞ്ചുപേരോടായ്;
ഞങ്ങൾക്കിത്തിരിയെണ്ണ കടം തരുമോ?
ഇല്ല തരികില്ലെന്നവർ മറുവാക്കുചൊല്ലവേ-
ദു:ഖം രോഷം ചിത്തത്തിലൊതുക്കി പിടിച്ചവർ-
എണ്ണവാങ്ങാനായ് പുറത്തുപോയി.
അന്നേരമെത്തിയ മണവാളനാമവൻ
വിളക്കു തെളിച്ചു നിൽക്കുമാ അഞ്ചുപേരൊന്നിച്ച്-
അകത്തുകേറി വിവാഹ വിരുന്നുശാലതൻ കതകടച്ചു.
ഏറെക്കഴിഞ്ഞില്ല ബുദ്ധി രഹിതരാമവർ-
അഞ്ചുപേർ എണ്ണയും വാങ്ങി തിരിച്ചുവന്നു;
ഞങ്ങൾക്ക് വാതിൽ തുറന്നു നൽകൂ-
ഞങ്ങളും ഉള്ളിൽ വന്നിടട്ടെ;
ഇതുകേട്ട മണവാളനോ ഉള്ളിലിരുന്നു ചൊല്ലി മറുപടി.
അറിയില്ല ഞാനിന്ന് ആരെന്നു നിങ്ങളെ.




രാജൻ ഫ്രാൻസീസ്

ഓർക്കുക മർത്യരെ ഇത് നമ്മൾ തൻകഥ
മണവാളനായ് എത്തിടും ദൈവത്തിൻകഥ
രണ്ടാമതും നാഥനെത്തിടുമെന്നോർമിപ്പിക്കും
യേശുവിൻ സ്നേഹമാം കരുതലിൻകഥ.



# അമ്മയുടെ സഹനം



അൽഫോൻസ ജേയ്ക്കപ്പ് ഇടക്കളത്തൂർ

*ഒരു സ്ത്രീ അമ്മയാണെങ്കിൽ*
*അവൾക്കു പേർ ചൊല്ലിടുന്നു - സഹന പുത്രിയെന്ന്...*
*സ്ത്രീ സഹനത്തിൻ പുത്രിയെങ്കിൽ*
*പരിശുദ്ധ അമ്മയ്ക്ക് എന്തുപേർ ചൊല്ലിടും നാം...*

അതെ സഹനമാണ് ഒരു സ്ത്രീയുടെ പൂർണ്ണത എന്ന് നാം വിശേഷിപ്പിക്കുമ്പോൾ നാം നമ്മുടെ പരിശുദ്ധ അമ്മയുടെ സഹനത്തേയും, ക്ഷമയേയും, പരിശുദ്ധിയേയും ഓർക്കുക. ഒരു കുഞ്ഞിനു ജന്മം നല്കി അവർ വളർന്നുവരുന്ന ഓരോ ഘട്ടത്തിലും നാം എത്രമാത്രം പരിശുദ്ധ അമ്മയുടെ മഹത്വം അവരുടെ ചെവിയിൽ ഉരുവിട്ടിട്ടുണ്ട്! ഭക്ഷണവും, വസ്ത്രവും, വിദ്യാഭ്യാസവും നല്കുന്നതിനപ്പുറം നാം അവർക്കു പകർന്നു നൽകേണ്ടത് പരിശുദ്ധ അമ്മയുടെ സഹന വഴികളാണ്, പരിശുദ്ധ അമ്മയുടെ സഹന കഥകളാണ്. ജപമാലയിലെ മുത്തുമണികൾ ഓരോന്നും പരിശുദ്ധ അമ്മയുടെ സഹനജീവിതത്തിലെ രക്തത്തുള്ളികളാണ് എന്നത് നമുക്ക് ഒരിക്കലും തള്ളിക്കളയാൻ പറ്റാത്ത വലിയ സത്യമാണെന്ന് നാം മനസ്സിലാക്കണം.

പലപ്പോഴും പാപക്കുഴിയിൽ നാം വീണുപോകുമ്പോൾ നമ്മെ കൈപിടിച്ച് നന്മയുടെ വഴിയിലേക്ക് തിരിച്ച് കയറ്റുന്ന പരിശുദ്ധ അമ്മ. നമ്മുടെ രക്ഷയ്ക്കും, സമൃദ്ധിക്കും, നന്മക്കും വേണ്ടി സഹനവഴിയിലൂടെ നടന്നു നീങ്ങിയപ്പോൾ ആ അമ്മയുടെ സമർപ്പണഭാവം നമ്മുടെ ജീവിതം നേർവഴിയിലേക്ക് നയിക്കുകയായിരുന്നു. ദൈവത്തിനു തന്നെതന്നെ സമർപ്പിച്ച അമ്മ; കന്യകയായിരിക്കുമ്പോൾ തന്നെ ദൈവേഷ്ടത്തിനു ജീവിച്ച്, ഏതൊരു സാഹചര്യത്തിലും ദൈവത്തെ മാത്രം കൂട്ടുപ്പിടിച്ച് സഹനത്തിലൂടെ ഒരു റോസാപുഷ്പമായി മാറിയ അമ്മ; മുള്ളുകൾ നിറഞ്ഞ റോസാചെടിയിൽ പുഷ്പമായി വിടരുവോളം അതിലുണ്ടായിരുന്ന ഓരോ മുള്ളുകളും നമ്മുടെ പാപങ്ങൾക്കു പരിഹാരമായി ചവിട്ടുപടികൾ ആക്കുകയായിരുന്നു. അവസാനം ആ ചെടിയിൽ വിടർന്നുവന്ന പുഷ്പം പോലെ എല്ലായിടത്തും പരിമളം പരത്തുന്ന പൂവായ് വിടർന്നത് പരുശുദ്ധ അമ്മയെന്നത് നമുക്ക് ഉറക്കെപ്പറയാം.

എളിമകൊണ്ട് സ്വയം ഇല്ലാതായി, പരിശുദ്ധാത്മാവുകൊണ്ട് നിറഞ്ഞ് നന്മയുടേയും, കൃപയുടേയും, നിറകുടമായ അമ്മയ്ക്ക് മാലാഖ വന്നറിയിച്ച വാർത്തകേട്ട് അത്രയും, എളിമ

യോടെ ഇതാ കർത്താവിന്റെ ദാസി അവിടുത്തെ ഇഷ്ടം നിറവേറട്ടെ എന്നു പറഞ്ഞ് സ്വയം ദൈവത്തിനു വിട്ടുകൊടുത്ത സഹനത്തിന്റെ മാതാവ്, ആ സഹനത്തിന്റെ അമ്മ എല്ലാം ദൈവത്തിനു വിട്ടുകൊടുത്തതുപോലെ നമ്മുടെ സഹനങ്ങളും, സന്തോഷങ്ങളും ദൈവത്തിനു വിട്ടുകൊടുത്തുകൊണ്ട് പരിശുദ്ധ അമ്മയുടെ ജപമാല മുറുകെ പിടിക്കാം. അതിലെ ഓരോ മുത്തുമണികളും അമ്മയുടെ രക്തത്തുള്ളികളാണെന്നറിഞ്ഞ് ജപമാലചൊല്ലി നമ്മളിലുള്ള നാം എന്ന ഭാവവും, അഹങ്കാരമെന്ന വിഷവിത്തും, കോപാഗ്നിയും ഇല്ലാതാക്കാം.

പരിശുദ്ധ അമ്മ... നമ്മുടെ അമ്മ... സഹനത്തിന്റേയും, പരിശുദ്ധിയുടേയും നിറകുടമാണ്. ഉണ്ണിയേശു രക്ഷകനും, ദൈവവും ആണെന്നറിയാമായിരുന്നിട്ടും പരിശുദ്ധാത്മാവിന്റെ നിറവിൽ ദാസിയായതുപോലെ ഉണ്ണിയേശുവിനു ജന്മം നൽകി ആ യേശുവിന്റെ ദാസിയായി പിരിശുദ്ധ അമ്മ. ഉണ്ണിയേശുവിനെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുസൂക്ഷിച്ചു, ഓരോ നിമിഷവും സ്നേഹവും പരിചരണവും നൽകി ദൈവഹിതത്താൽ വളർത്തി. സ്നേഹം പകർന്നു നൽകി, ആത്മീയ ഉണർവ്വുനൽകി, ശുശ്രൂഷകൊണ്ട് മാതൃകയും ത്യാഗത്തിന്റേയും, സഹിഷ്ണുതയുടേയും, എല്ലാ ദൈവീക ഗുണങ്ങളും പഠിപ്പിച്ച് ദൈവേഷ്ടത്തിന് ഉണ്ണിയെ വളർത്തി അമ്മ. ദൈവത്തിനായ് പൂർണ്ണമായി ആ പൊന്നുമകനെ കാഴ്ചസമർപ്പിച്ചു നമ്മുടെ അമ്മ. ആ അമ്മയുടെ കൈ പിടിച്ചു നടന്നിരുന്ന പൊന്നുമകനെ ദേവാലയത്തിൽവെച്ച് കാണാതായപ്പോൾ കണ്ടുകിട്ടുന്നതുവരെയും വേദനയോടെ മനസ്സു തളർന്നത്, നമ്മെ ഓർമ്മിപ്പിക്കുന്നത് നാം ഓരോരുത്തരും തെറ്റുകളാൽ അമ്മയിൽ നിന്നും ഒറ്റപ്പെട്ടുപോകുമ്പോൾ അമ്മയുടെ അരികിലെത്തിക്കുന്നത് അമ്മയുടെ വേദന നിറഞ്ഞ കണ്ണുനീർകണങ്ങളുടെ മുത്തുമണികൾ നിറഞ്ഞ ജപമാലയാണ്.

സ്വപുത്രനെ നമ്മുടെ പാപപരിഹാരത്തിനായി നൽകിയ അമ്മ. മകനെ വിട്ടുനൽകുന്ന നിമിഷവും ഹൃദയത്തിൽ കഠിനവേദന കത്തിജ്വലിച്ചുകൊണ്ടിരിക്കുമ്പോഴും കൂടുതൽ കരുത്തിനായ് സഹനം ഏറ്റുവാങ്ങിയ പരിശുദ്ധ അമ്മ. പിതാവിന്റെ ആത്മീയതയും, യേശുവിന്റെ മഹത്വവും, വെളിപ്പെടുത്തുന്ന സ്ഥലങ്ങളിലെല്ലാം ആ അമ്മ പിതാവിനൊപ്പമായിരുന്നു. ആ പിതാവിന്റെ സഹയാത്രികയായിത്തന്നെ.

നമ്മുടെ മക്കൾക്ക്, നമ്മുടെ സഹോദരങ്ങൾക്ക് നാം ഒരിക്കലെങ്കിലും സഹയാത്രികരായിട്ടുണ്ടോ? ഒരു നിമിഷം ചിന്തിക്കുന്നത് നന്നായിരിക്കും. ഒന്നു ചിന്തിച്ചുനോക്കു.... ഈ കാലഘട്ടത്തിൽ മൊബൈൽ ഫോൺ സഹയാത്രികരാണ് ഓരോരുത്തരും എന്ന കാര്യവും മറക്കരുത്.

ഒരു കൊച്ചുസംഭവം പറയട്ടെ;

വീട്ടിൽ ഒരു നേരത്തെ ആഹാരത്തിനുവകയില്ലാതെ ഒരമ്മ തന്റെ മകളെ മഠത്തിലെ ക്രാത്ത (വിസിറ്റേഴ്സ് വരുന്ന സ്ഥലം)യിലെ മണിയടിക്കുന്ന സ്ഥലത്ത് മഠത്തിലെ സിസ്റ്റേഴ്സിനെ വിവരമറിയിക്കുന്ന ജോലിക്കായി നിറുത്തി. ആ അമ്മ മടങ്ങിപോകുമ്പോൾ മകളോട് പറയുന്നവാക്കുകൾ ഈ അമ്മയെ മോൾ മറക്കരുത്. ജപമാലയിലെ അമ്മ നിനക്കിവിടുണ്ട് കൊന്തചൊല്ലാതിരിക്കരുത് എന്നു പറഞ്ഞ് മകളെ മഠത്തിലാക്കി മടങ്ങുന്ന ആ അമ്മയിലും, സ്നേഹവും സഹനവും കാണുന്നുണ്ട്.

ആ കുരുന്നുമനസ്സിൽ മാതാവിനെപ്പോലെ കാണുന്ന കന്യാസ്ത്രികളും, അവർ നൽകുന്ന സ്നേഹവും ഒന്നുമല്ലായിരുന്നു. പട്ടിണിയിൽ നിന്നും, ഞങ്ങളുടെ കുടുംബത്തെ രക്ഷിച്ച് ഒരു നേരത്തെ ആഹാരമെങ്കിലും വീട്ടിലുള്ളവർക്കു ലഭിക്കുവാൻ കൂലിവേലക്കാരായ അപ്പച്ചനും അമ്മയ്ക്കും കൂലിവേല മുടങ്ങാതെ ലഭിക്കണെ മാതാവേ എന്ന ഒറ്റ പ്രാർത്ഥനയായിരുന്നു. അവിടേയും സഹനത്തിന്റെ നെരിപ്പോടുകാണുന്നു. കൂട്ടിനായ് വരുന്നതും, പരിശുദ്ധ അമ്മതന്നെ.

മഠത്തിൽ 40 മണിക്കൂർ ആരാധനയുടെ സമാപനവേളയും കഴിഞ്ഞ് ചായസൽക്കാരത്തിന്റെ ഇടയിൽ പിതാവിന്റെ കയ്യിൽ നിന്നും വീണ ടീസ്പൂൺ കഴുകി പിതാവിന്റെ മേശക്കരികിൽ

വെച്ചു തിരിയുമ്പോൾ ആ കുരുന്നിനെ മടിയിൽ പിടിച്ചിരുത്തി വിവരങ്ങൾ ചോദിച്ച് ഒരു ബിസ്ക്കറ്റ് കയ്യിലെടുത്തു കൊടുത്തപ്പോൾ അവളുടെ കണ്ണിൽ നിന്നും അവളറിയാതെ ഉതിർന്നകണ്ണുനീർ മാതാവ് തുടച്ചത് അവളന്നറിഞ്ഞിരുന്നില്ല. അവൾ പിതാവിനോടും പറഞ്ഞത് ഞാൻ എന്നും മാതാവിനോട് പ്രാർത്ഥിക്കുന്നത് വീട്ടിലെ പട്ടിണിമാറ്റിത്തരണെയെന്നാണെന്ന്. കാരണം പട്ടിണിയുടെ പടുകുഴിയിൽ വീണുകിടന്നു വളർന്ന ആ കരുന്നിന് ജപമാലയിലൂടെ ആവശ്യമുള്ള പ്രാർത്ഥന അതായിരുന്നു. അവളുടെ ശിരസ്സിൽ പിതാവ് കൈവെച്ചനുഗ്രഹിച്ചു പറഞ്ഞു മോളെ, നീ ഒരു പൂമ്പാറ്റയാണ്; പൂമ്പാറ്റയെപോലെ പറന്നുയരും ഈ മഠത്തിൽ നീ ഒരു പൂമ്പാറ്റയായ് പറന്നു നടക്കുന്നപോലെ നിന്റെ വീട്ടിലെ ദാരിദ്ര്യം തുടച്ചുമാറ്റും പരിശുദ്ധ അമ്മ, നിന്റെ അമ്മ നിനക്കെന്നും കൂട്ടിനുണ്ടാവും.

അന്നവൾക്കു കിട്ടിയ ആ ആശീർവാദം അർത്ഥവത്തായപ്പോൾ വിദ്യാഭ്യാസത്തിൽ മുന്നിലല്ലാതേയും പരിശുദ്ധ അമ്മ ഉയർന്ന പദവിയുടെ ചവിട്ടുപടികൾ മറന്നിടാതെ ചവിട്ടികയറ്റിയപ്പോൾ അവൾ മറന്നില്ല ജപമാലയിലെ രക്തത്തുള്ളികൾ ചൊരിയുന്ന അനുഗ്രഹങ്ങളെക്കുറിച്ച്, വേദനകൾ, രോഗങ്ങൾ പല വിധത്തിലും, പല നിറത്തിലും കടന്നുവന്നപ്പോൾ അമ്മയുടെ സഹനം അത് മുറുകെ പിടിച്ചു.

വേദനകൾ, സഹനങ്ങൾ വന്നു കൂമ്പാരമാകുമ്പോൾ അവഗണനകൾ അറിയാതെ ഏറ്റുവാങ്ങേണ്ടിവരുമ്പോൾ ഒന്നുമാത്രം ഓർക്കാം പരിശുദ്ധ അമ്മ. നമ്മുടെ കൂടെ ഒരു പൂമ്പാറ്റയായി പറന്ന് കാവലായി, നിഴലായി ഉണ്ടെന്ന സത്യം.

അറിയാതെയെങ്കിലും പാപത്തിൽ നാം വീണുപോകുമ്പോൾ ജപമാല കൈകളിലേന്തി നമ്മെ കൈപ്പിടിച്ചുയർത്തുന്ന നമ്മുടെ അമ്മയോട് നമുക്ക് ചേർന്നുനിൽക്കാം. നമ്മുടെ പാപങ്ങൾക്കു പരിഹാരമായി നമ്മുടെ രക്ഷയ്ക്കായി സ്വപുത്രനെ കൊലക്കളത്തിലേക്ക് കൊണ്ടുപോകുമ്പോഴും നിറമിഴികളായി സഹനത്തിന്റെ തീച്ചൂളയിലും ആ മകനെ പ്രാർത്ഥനയോടെ സമർപ്പിച്ചു നൽകിയ അമ്മ സ്വപുത്രന് ശക്തിയും തുണയുമാകണമെയെന്നു പ്രാർത്ഥിച്ച്; പ്രാർത്ഥനയിലൂടെ ആത്മാവിന്റെ ശക്തി അനുഭവിച്ചറിഞ്ഞ് മുൾകിരീടധാരണത്തിലും, കുരിശുചുമന്ന് കാൽവരിമലയിലേക്കു നടന്നു നീങ്ങുമ്പോഴും മകന് ശക്തി പകർന്നു കൊടുത്ത പരിശുദ്ധ അമ്മയെ എത്ര സ്തുതിച്ചാലും മതിവരില്ല.

**നാം ഓരോരുത്തരും തെറ്റുകളാൽ അമ്മയിൽ നിന്നും ഒറ്റപ്പെട്ടുപോകുമ്പോൾ അമ്മയുടെ അരികിലെത്തിക്കുന്നത് അമ്മയുടെ വേദന നിറഞ്ഞ കണ്ണുനീർകണങ്ങളുടെ മുത്തുമണികൾ നിറഞ്ഞ ജപമാലയാണ്.**

തളരാതെ പതറാതെ സഹനത്തിന്റെ പാതയിലൂടെ നടത്തി തന്റെ പുത്രനിലൂടെ പിതാവിന്റെ ഇഷ്ടം നിറവേറ്റിയ ആ സഹനത്തിന്റെ പുത്രിയ്ക്ക് നാം എന്തു പേരുനൽകും എന്ന സംശയം വേണ്ട; സഹരക്ഷകയെന്നുതന്നെ അതെ അമ്മ ലോകത്തിന്റെ സഹരക്ഷകയാണ്, എത്ര പറഞ്ഞാലും തീരാത്ത സുകൃതങ്ങളുടെ ഇതളുകൾ വിരിയുകയാണ് ആ അമ്മയിലൂടെ.

അമ്മയുടെ സഹനവും, എളിമയും, വിനയവും, എല്ലാറ്റിലുമുപരി അമ്മയുടെ അനുസരണവും നമുക്കും, നമ്മുടെ കുടുംബത്തിലും, കൂട്ടായ്മയിലും മാതൃകയാക്കാം. ജപമാല ഉയർത്തിപിടിച്ച് ഏറ്റുചൊല്ലി ഏതു സഹനവേളയിലും പ്രാർത്ഥിക്കാം. അമ്മയിലൂടെ, സഹനത്തിന്റെ പാതയിലൂടെ, അമ്മയുടെ പുത്രനരികിലേക്ക് നമുക്കോടിയടുക്കാം...



പ്രിൻസി തോമസ്



# തോമാശ്ലീഹാ

ദൂരെ നിന്നും തീരത്തെത്തിയ സ്നേഹം
സുവിശേഷത്തിൻ വാൾത്തല മിന്നും ധീരൻ
ഭാരത നാടിനുപെരുമയായ് കേരളമണ്ണിൻ കീർത്തിയായ്
ക്രിസ്തു ശിഷ്യൻ ധന്യൻ തോമാശ്ലീഹാ ദൂരെ നിന്നും...........

ആയിരമാണ്ടുകൾ പിന്നിട്ടാലും എത്ര വസന്തം പോയാലും
ഒരുനാളും നീ വിസ്മൃതനാകില്ലൊരുനാളും നീ മായില്ല
സത്യത്തിന്റെ തിരുപ്പട്ടം സ്ഥൈര്യത്തിന്റെ നിലാവെട്ടം
ഗുരുവിൽ നിന്നും ഏറ്റുവാങ്ങിയ ശ്ലീഹാ തോമാശ്ലീഹാ ദൂരെ നിന്നും...........

കതിരോനുദയം ചെയ്താലും എത്ര വെളിച്ചം വന്നാലും
ഒളിമങ്ങില്ല നീ തെളിയിച്ച വെള്ളി വെളിച്ചം മങ്ങില്ല
വിശ്വാസത്തിൻ ശാശ്വത സത്യം സാക്ഷ്യത്തിൻ തിരുവടയാളം
ഹൃത്തിൽ മുദ്ര പതിപ്പിച്ചെഴുതിയ ശ്ലീഹാ തോമാശ്ലീഹാ ദൂരെ നിന്നും...................



# ആത്മസുഖം

ജോബി ആലുംപറമ്പിൽ

ഈശോയ്ക്ക് ഏറ്റവും പ്രിയപ്പെട്ട സഹോദരങ്ങളേ, സുഖമാണോ എന്നു ചോദിക്കുന്നില്ല, കാരണം സുഖമല്ല എന്നറിയാം. നാം നിത്യവും കണ്ടുമുട്ടുന്നവരോട് ആദ്യം ചോദിക്കുന്ന ചോദ്യം സുഖമാണോ; മറുപടി, സുഖമാണ്. എന്നാൽ ഞാൻ പറയട്ടെ തൊണ്ണൂറ് ശതമാനം പേരും ഇതുവെറുതെ പറയുന്നതല്ലേ. സത്യത്തിൽ ഉള്ളിൽ ദുഖമല്ലേ... ഹൃദയത്തിൽ ഒരു നീറ്റൽ അല്ലേ... ചങ്കുപിടയുകയല്ലേ... തീക്കനലിലല്ലേ ചവിട്ടി നിൽക്കുന്നത്... താങ്ങാനാവാത്ത ഭാരമല്ലേ തലയിൽ.. ചങ്കിൽ ഒരുതരം തേങ്ങലല്ലേ. പലപ്പോഴും ആ നൊമ്പരത്തിന്റെ ശബ്ദം നീ കേൾക്കാറില്ലേ... സത്യത്തിൽ ഉരുകുകയല്ലേ. സഹോദരാ നീ... തേങ്ങുകയല്ലേ സഹോദരീ നീ... ഒന്ന് ആരും കാണാതെ പൊട്ടിക്കരഞ്ഞു കൂടേ കാൽവരി നാഥന്റെ മുൻപിൽ... വചനം പറയുന്നു ഹൃദയം നുറുങ്ങിയവർക്ക് കർത്താവ് സമീപസ്ഥനാണ്. (സങ്കീ. 34:18)

പ്രിയ സ്നേഹിതാ എന്നും കഷ്ടപ്പാടാണോ... എന്നും വേദനയാണോ... എന്നും തകർച്ചയാണോ... മിക്കപ്പോഴും രോഗമാണോ... കടബാധ്യത പെയ്തൊഴിയുന്നില്ലേ... കുടുംബകലഹം നിത്യമായി വിട്ടൊഴിയുന്നില്ലേ... മക്കളാൽ ഭാരപ്പെടുകയാണോ... മറ്റുള്ളവരാൽ നിന്ദിക്കപ്പെടുകയാണോ... ബിസിനസ് നിത്യവും നഷ്ടത്തിലാണോ... എന്നാൽ ഈ മൂടുപടം ഒന്നഴിച്ചു വച്ചുകൂടേ... എന്നിട്ടൊന്നു നിലവിളിച്ചു കരഞ്ഞുകൂടേ... ആണിപ്പഴുതേറ്റ കാൽവരി നാഥന്റെ മുൻപിൽ... അപ്പോൾ യേശു ഇങ്ങനെ പറയും... നീ പ്രാർത്ഥിച്ചാൽ കർത്താവ് ഉത്തരമരുളും നീ നിലവിളിക്കുമ്പോൾ ഇതാ ഞാൻ എന്നു മറുപടി തരും (ഏശയ്യ. 58:9)

എന്നിട്ടും നമ്മൾ ആർക്കോവേണ്ടി എന്തിനോ വേണ്ടി പറയുന്നു... സുഖമാണ്... യഥാർത്ഥത്തിൽ ഈ സുഖം എന്നുപറയുന്നതുണ്ടോ... തീർച്ചയായും ഉണ്ട്. അപ്പോൾ നിങ്ങൾ ചോദിക്കും ഇത് എവിടെ നിന്നുകിട്ടുമെന്ന്. എന്റെ അനുഭവത്തിൽ നിന്നും ഞാൻ പറയട്ടെ... നമ്മുടെ ദുഖത്തിന്റെ മുകളിൽ ഒരാനന്ദം... രോഗത്തിന്റെ മുകളിൽ ഒരു സൗഖ്യം... കടബാധ്യതയുടെ മുകളിൽ ഒരു പരിഹാരം... പ്രശ്നങ്ങളുടെ മുകളിൽ ഒരു സുഖം ഉണ്ടാകും... അത് അനുഭവിക്കുവാൻ നമുക്ക് കഴിയും... എപ്പോൾ?... വചനം നെഞ്ചോടു ചേർത്തുവയ്ക്കുന്ന ഒരു വ്യക്തിക്ക് ദിവ്യബലിയിൽ ഹൃദയപൂർവ്വം പങ്കെടുക്കുന്ന ഒരാൾക്ക് തികഞ്ഞ ആത്മാർത്ഥതയോടെ മറ്റുള്ളവരെ സ്നേഹിക്കുവാനും വേദനിപ്പിക്കുന്നവരോടു ക്ഷമിക്കുവാനും അവർക്കുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുവാനും സർവ്വോപരി ഇടവകയിലൂടെ സഭയോടു ചേർന്നു നിൽക്കുവാനും കഴിയുന്ന ഒരു വ്യക്തിക്ക്... ഇതു സാധ്യമാകും... ഈ സുഖം അനുഭവിക്കുവാൻ കഴിയും... ഇതിനു വലിയ

പാണ്ഡിത്യമോ... അറിവോ... ബിരുദമോ ഒന്നും ആവശ്യമില്ല. വചനം പറയുന്നു, "കർത്താവേ കർത്താവേ എന്നുവിളിക്കുന്നവനല്ല എന്റെ സ്വർഗ്ഗസ്ഥനായ പിതാവിന്റെ ഇഷ്ടം നിറവേറ്റുന്നവനാണ് സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക" (മത്തായി. 7:21)

കണ്ടോ... കർത്താവ് എത്ര കൃത്യമായിട്ടാണ് നമ്മെ പഠിപ്പിക്കുന്നത്.... എത്ര ഉദ്ദേശ ശുദ്ധിയോടെയാണ്... വളച്ചുകെട്ടില്ലാതെ... അപ്പോൾ ഒരു കാര്യം വ്യക്തം.. വെറുതെ കർത്താവേ കർത്താവേ എന്നു വിളിക്കുന്നതിനപ്പുറം ഈശോയെയൊന്നറിയണമെങ്കിൽ... പരിശുദ്ധാത്മാവിനെ അനുഭവിക്കണമെങ്കിൽ ഒരു കാര്യം ചെയ്യേണ്ടിവരും... നമ്മുടെ പഴയ സ്വഭാവമൊക്കെ ഒന്നു മാറ്റേണ്ടിവരും... അതാണ് വചനം പറയുന്നത്... "നിങ്ങളുടെ പഴയ ജീവിത രീതിയിൽനിന്ന് രൂപംകൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതനായ പഴയ മനുഷ്യനെ ദൂരെയെറിയുവിൻ" (എഫേ. 4:22)

തയ്യാറാണോ... ഞാൻ ഒരു സത്യം തുറന്ന് പറയട്ടെ... എനിക്കെപ്പോഴാ അനുഭവിക്കുവാൻ പറ്റിയത്... ആ ആനന്ദവും... സുഖവും... അതുവരെ എന്തെങ്കിലും സൂത്രത്തിൽ വാങ്ങിക്കൊണ്ടുപോകുവാനായിരുന്നു എന്റെ പ്രാർത്ഥനകൾ... നിങ്ങൾ വികാരിയച്ചനോടു പറയരുത്... കേട്ടോ... ഞാൻ ദിവ്യബലിയിൽ പങ്കെടുത്തുകൊണ്ടിരുന്നതും നേർച്ച ഇട്ടുകൊണ്ടിരുന്നതും... ജപമാല ചൊല്ലിയതുമെല്ലാം എന്റെ ഒരു തരം ആത്മാർത്ഥത ഇല്ലാത്തതും... ആവശ്യങ്ങൾ നേടിയെടുക്കുവാൻ വേണ്ടിയും മാത്രമായിരുന്നു... പ്രാർത്ഥനകൾ ഒരു ചടങ്ങായിരുന്നു... വചനം പറയുന്നു... "അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്." (യോഹ. 4:24)

എന്നാൽ പ്രിയ സഹോദരാ സഹോദരീ... ദുഃഖദുരിതങ്ങൾ എന്നെ ചുറ്റിയപ്പോൾ, താങ്ങാനാവാത്ത വേദന എന്നെ പൊതിഞ്ഞപ്പോൾ, അപമാനഭാരത്താൽ ഞാൻ തകർന്നപ്പോൾ... പട്ടിണികിടന്ന് ഞാൻ വലഞ്ഞപ്പോൾ... തെരുവിൽ ഞാൻ അന്തിയുറങ്ങിയപ്പോൾ... പ്രാർത്ഥിച്ച ഒരു പ്രാർത്ഥനയുണ്ട്... ഞാൻ... കാൽവരിയിൽ പിടഞ്ഞുമരിക്കുന്ന യേശുവിനോട്... അന്നു ഞാൻ എന്റെ പ്രാർത്ഥന ചേർത്തുവച്ചു... ഒരു തേങ്ങലായി അന്നു മുതൽ ആത്മാർത്ഥമായ പ്രാർത്ഥന എന്താണെന്ന് എന്നെ പരിശുദ്ധാത്മാവു പഠിപ്പിച്ചു. വചനം പറയുന്നു... "പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും." (അപ്പ. 1:8)

ഫലമോ... തമ്പുരാനോടു ചേർന്നു നിൽക്കുവാൻ ശ്രമിച്ചപ്പോൾ കർത്താവു പുതിയ വഴികളിൽകൂടി നടത്തുവാൻ പഠിപ്പിച്ചു. ഒരു സാധാരണ വിദ്യാഭ്യാസം മാത്രമുള്ള എനിക്ക് ഇന്നു മൂന്നു മാസം പ്രായമുള്ള കുഞ്ഞു മുതൽ പൂനയിലെ ഭാഭാ ആറ്റോമിക് റിസേർച്ചിലെ ശാസ്ത്രജ്ഞൻമാർക്കുവേണ്ടി വരെ പ്രാർത്ഥിക്കുവാൻ കഴിയുന്നു... ദുബായ് ഒഴികെ ഒരു രാജ്യത്തും പോയിട്ടില്ലാത്ത എനിക്ക് ഇന്നു അഞ്ചുരാജ്യങ്ങളിലെ ആളുകൾക്കു വേണ്ടി പ്രാർത്ഥിക്കുവാൻ കഴിയുന്നു. വചനം പറയുന്നു, "നിന്റെ എല്ലാ പ്രവൃത്തികളും ദൈവ വിചാരത്തോടെയാകട്ടെ ... അവിടുന്ന് നിനക്കു വഴിതെളിച്ചുതരും" (സുഭാ. 3:6)

ഈ ലേഖനം വായിക്കുന്ന പ്രിയ സഹോദരാ... സഹോദരീ... നിങ്ങൾ ഇന്നു വലിയ ദുഖത്തിലും കടഭാരത്താലും രോഗത്താലും വലയുന്ന വ്യക്തിയാണോ... കുടുംബ പ്രശ്നങ്ങൾ നിങ്ങളെ വലയ്ക്കുന്നില്ലേ... മാനസീകമായി തകർച്ചയിലല്ലേ, മക്കളെയോർത്തു ഭാരപ്പെടുന്നില്ലേ... സാരമില്ല... ഇതിൽ നിന്നും മാറണമെന്നു ആത്മാർത്ഥമായ ആഗ്രഹമുണ്ടോ... എന്നാൽ വരൂ... നമുക്ക് ഒന്നിച്ചു കൈകോർക്കാം... പഴയതൊക്കെ ഉപേക്ഷിക്കാം...

ഇടവകയോടു ചേർന്നുനിന്ന് സഭയോടും കൂടെനിന്ന് മറ്റുള്ളവരോടു ക്ഷമിച്ചുകൊണ്ടും നിസ്വാർത്ഥമായ സ്നേഹം കൊണ്ടും... ആത്മാർത്ഥമായ പ്രാർത്ഥനകൊണ്ടും... സ്വർഗ്ഗത്തിനിഷ്ടപ്പെട്ട കളങ്കരഹിതമായ ഒരു ജീവിതത്തിനു തുടക്കമിടാം...പാപത്തിന്റെ വഴിയിൽ നിന്നും മാറിനടക്കാം.. സ്വർഗ്ഗം സന്തോഷിക്കട്ടെ.. യഥാർത്ഥ സുഖം നമുക്ക് പരിശുദ്ധാത്മാവിനാൽ നേടിയെടുക്കാം... ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ... ആമ്മേൻ



ടിന്റോ വർഗ്ഗീസ്

# കർത്താവിനൊരു കത്ത്...

To,
Jesus Christ
S/o. Almighty Father
Aden House, Holyland - Heaven
P.O.Box: 3

കർത്താവിന് ഒരു കത്തിന്റെ ആവശ്യം ഇല്ല എന്ന് അറിയാം. എന്നാൽ മറവി കൂടുതലായി ഉപയോഗപ്പെടുത്തുന്ന ഈ തലമുറയിൽ ഞാൻ എന്നെ തന്നെ ബലപ്പെടുത്തുകയാണ്. പിന്നെ വരുംകാലങ്ങളിൽ എനിക്ക് തന്നെ ഇത് വായിച്ചു ആസ്വദിക്കണം. അങ്ങയുമായുള്ള ഇടപെടലുകളിൽ ഞാൻ സ്വാർത്ഥനാവുകയാണ്.

ഈ അവസരത്തിൽ ഒരു സന്തോഷവാർത്ത പങ്കുവയ്ക്കാനായി ഞാൻ ആഗ്രഹിക്കുന്നു. അങ്ങ് പരസ്യജീവിതത്തിലേക്ക് കടന്ന അതേ പ്രായത്തിലാണ് ഇപ്പോൾ ഞാൻ എത്തിനിൽക്കുന്നത്. എന്നാൽ ഇത്രയും വർഷങ്ങളായി ഞാൻ ബൈബിളിൽനിന്ന് ആർജ്ജിച്ചെടുത്ത അറിവ് വളരെ ചുരുക്കമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ബൈബിൾ വായനയിൽ മുടക്കം വരുത്തുന്നതുകൊണ്ട് ഏടുകളുടെ തുടർച്ചകിട്ടുവാൻവേണ്ടി ഞാൻ അടയാളം വച്ചിരുന്നു. കർത്താവിന്റെ മുഖചിത്രവും പുറകിൽ ദൈവവചനവും ഉള്ള ഒരു നേരിയ പട്ടയായിരുന്നു ഞാൻ അടയാളം ആയി വച്ചിരുന്നത്. എന്നാൽ ഈ അടയാളങ്ങൾ ഇപ്പോൾ ഏടുകളിൽ നിന്ന് നഷ്ടപ്പെട്ടിരിക്കുന്നു. ഇന്ന് ബൈബിളിലെ ഖണ്ഡികയിൽ വരികളുടെ താഴെ വരകളും, വാക്കുകളുടെകൂടെ കുത്തും, കുത്തിക്കുറുപ്പുകളും തെളിഞ്ഞുവന്നിരിക്കുന്നു. വർഷങ്ങൾക്കു മുൻപുള്ള ഹൈസ്ക്കൂൾ പഠനത്തിനെ ഓർമ്മിപ്പിക്കും തക്കവിധമായിരുന്നു ഈ വായനകൾ. ബൈബിളിൽ നിന്ന് എടുത്തുമാറ്റിയ കർത്താവിന്റെ ചിത്രമുള്ള അടയാളം ഇന്നു ഞാൻ വല്ലപ്പോഴും ചെയ്യുന്ന പാപത്തിന്റെ പുസ്തകത്തിന്റെ ഏടുകളിൽ വച്ചിരിക്കുകയാണ്. ജീവിതമാകുന്ന യാത്രയിൽ തിരുവചനങ്ങൾ ഒരു മൈൽകുറ്റിയായി നിന്നുക്കൊണ്ട് മാർഗ്ഗനിർദ്ദേശം നൽകും എന്ന് ഞാൻ വിശ്വസിക്കുന്നു.

ഞാൻ ചെയ്യാൻ പോകുന്ന പ്രവൃത്തി ശരിയോ തെറ്റോ എന്ന് എനിക്കറിയില്ല. അങ്ങയുടെ അനുഗ്രഹത്തിനായി വിശക്കുന്നവനാണ് ഞാൻ. എന്നാൽ പലപ്പോഴും അത് എനിക്ക് കിട്ടാതെ പോകുന്നു. അങ്ങിൽനിന്ന് ഞാൻ അവ മോഷ്ടിക്കാൻ പോവുകയാണ്. ഏഴാം പ്രമാണത്തിന്റെ ലംഘനമാണിതെന്ന് എനിക്ക് അറിയാം. അടുപ്പം ഉള്ളവരുടെ അടുത്ത് നിന്ന് മോഷ്ടിക്കാൻ എളുപ്പം ആണല്ലോ. കുരിശിൽ അങ്ങയുടെകൂടെ തറക്കപ്പെട്ട കള്ളനോട് ഇന്ന് നീ എന്നോടുകൂടെ പറുദീസായിൽ ആയിരിക്കും എന്ന് പറഞ്ഞ അങ്ങയുടെ നല്ല മനസ്സ് എനിക്കറിയാം. ഞാൻ ചെയ്ത തെറ്റിന് അവരുടെ ഇടയിൽ എനിക്ക് ഒരു സ്ഥാനം നൽകാൻ സാധിക്കുമോ? എന്റെ ഇ ഷ്ടം അല്ല. അങ്ങയുടെ ഇഷ്ടം നിറവേറട്ടെ.

- കർത്താവേ അർഹതപ്പെട്ടവരെ സഹായിക്കാൻ എന്നെ ഉപയോഗപ്പെടുത്തണമേ.

- മുന്നറിയിപ്പ് ഇല്ലാതെ വരുന്ന ജീവിത പ്രശ്നങ്ങളെയും അസുഖങ്ങളെയും നേരിടാനുള്ള ശക്തി എനിക്ക് തൽകണമേ.

എന്ന്,

കർത്താവിനെ അറിയുന്ന
മനുഷ്യകുലത്തിലെ ഒരു വ്യക്തി.




യേശുവിൽ ഏറ്റവും സ്നേഹം നിറഞ്ഞ യുവതി, യുവാക്കളെ,
ഓഗസ്റ്റ് 30,31 (വെള്ളി, ശനി) തിയ്യതികളിൽ
VOCATION DISCERNMENT PROGRAM പള്ളിയിൽ വെച്ചു നടത്തപ്പെടുന്നു.
16നും28നും പ്രായമുള്ള എല്ലാ യുവതി-യുവാക്കളെയും ക്ഷണിക്കുന്നു.

വിവാഹജീവിതത്തിലേക്കും, പൗരോഹിത്യ വിളിയിലേക്കും, സന്യസ്ത വിളിയിലേക്കും വേണ്ടി ഒരുക്കുന്ന പ്രോഗാമിലേക്കു വിവാഹം കഴിക്കാത്തവരെ ക്ഷണിക്കുന്നു.

Please contact MCC cordinator or below contact nos
Contact: Ruddy: **+971 545041101, സിറിൾ: +971 567453077**

# ബൈബിൾ കൺവെൻഷൻ

**നവംബർ 22, 23, 24, 25, 26**
**തിയ്യതികളിൽ**

**നയിക്കുന്നത് :**
**ഫാ. മാത്യൂ വയലാമണ്ണിൽ CST**





# പരിശുദ്ധ മറിയം
## രക്തസാക്ഷികളുടെ രക്തസാക്ഷി



ആൻമരിയ

പരിശുദ്ധ മറിയം എല്ലാ രക്തസാക്ഷികളുടെയും രാജ്ഞിയാണ്. കാരണം, ആ രക്തസാക്ഷിത്വം എല്ലാ രക്തസാക്ഷികളുടെയും രക്തസാക്ഷിത്വത്തേക്കാൾ നീണ്ടതും വേദനയേറിയതുമായിരുന്നു. നമ്മോടുള്ള സ്നേഹത്തെപ്രതി പരിശുദ്ധ മറിയം സഹിച്ച മഹത്തായ വേദന അവളെ കൂടുതൽ വിലയുള്ളതാക്കിത്തീർത്തു. ആ വേദന നമ്മുടെ നന്ദിയും അനുകമ്പയും ആവശ്യപ്പെടുന്നുണ്ട്. അതിനാൽ പരിശുദ്ധ മറിയത്തെ രക്തസാക്ഷികളുടെ രക്തസാക്ഷി എന്നു വിളിക്കുന്നത് ന്യായമാണ്.

പരിശുദ്ധ മറിയം തന്റെ ജീവിതം മുഴുവൻ നിത്യമായ ദുഃഖത്തിൽ ചിലവഴിച്ചു. കാലങ്ങളുടെ കടന്നുപോകൽ ലോകദുഃഖങ്ങളെ സാവധാനം ലഘൂകരിക്കുന്നുവെങ്കിലും പരിശുദ്ധ മറിയത്തിന്റെ ദുഃഖത്തിന് അവസാനം ഉണ്ടായിരുന്നില്ല. ലോകരക്ഷകനായ ഈശോയെ നഷ്ടപ്പെടുമോ എന്ന ചിന്ത പരിശുദ്ധ മറിയത്തിന്റെ ഹൃദയത്തെ ഭാരപ്പെടുത്തി. വിശുദ്ധ ബ്രിജീത്തയോടു മാലാഖമാർ പറഞ്ഞു, മുള്ളുകൾക്കിടയിൽ റോസ വളരുന്നതുപോലെ സഹനങ്ങളുടെ നടുവിൽ ദൈവമാതാവ് കാലങ്ങൾ ചിലവഴിച്ചു. റോസിനൊപ്പം മുള്ളുകൾ അതിന്റെ വലിപ്പവും വർദ്ധിപ്പിക്കുന്നതുപോലെ കർത്താവിന്റെ തിരഞ്ഞെടുക്കപ്പെട്ട റോസായ പരിശുദ്ധ മറിയം പ്രായത്തിൽ കൂടുതലായി വളർന്നതുപോലെ തന്റെ വ്യാകുലങ്ങളുടെ മുള്ളുകൾ അത്രയധികം വലിപ്പമേറിയതും വേദനാജനകവുമായിരുന്നു.

ജെറമിയ പ്രവാചകൻ പരിശുദ്ധ മറിയത്തിന്റെ ദുഃഖത്തെ താരതമ്യം ചെയ്യാൻ കഴിയാതെ വിഷമിക്കുന്നത് പഴയ നിയമ ഗ്രന്ഥത്തിൽ നാം കാണുന്നു. കന്യകയായ സീയോൻ പുത്രീ നിന്നെ ആശ്വസിപ്പിക്കാൻ ഞാൻ നിന്നെ എന്തിനോട് താരതമ്യപ്പെടുത്തും? (വിലാ. 2:13). ദൈവം പരിശുദ്ധ മറിയത്തെ കാത്തുസൂക്ഷിച്ചില്ലായിരുന്നെങ്കിൽ മറിയത്തിന്റെ ജീവിതത്തിലെ മരണതുല്യമായ വേദനയെ അതിജീവിക്കാൻ അവൾ അശക്തയായി

തീരുമായിരുന്നു. കാരണം, മറിയത്തിന്റെ ദുഃഖം അത്രയധികം വലുതായിരുന്നു.

എന്തുകൊണ്ടാണ് മറിയത്തിന്റെ രക്തസാക്ഷിത്വം മറ്റുള്ളവരുടെ രക്തസാക്ഷിത്വത്തെക്കാൾ വേദനാജനകമായിരിക്കുന്നത്? അനേകം രക്തസാക്ഷികൾ ലോകചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. അവരുടെ രക്തസാക്ഷിത്വം ശരീരത്തിൽ വാൾ മുഖേനയും തീ മുഖേനയും ഒക്കെയായിരുന്നു എന്ന് കരുതാം. എന്നാൽ, ശിമയോന്റെ പ്രവചനത്തിലൂടെ പരിശുദ്ധ മറിയം തന്റെ ആത്മാവിലാണ് രക്തസാക്ഷിത്വം വരിച്ചത്. നിന്റെ ഹൃദയത്തിലൂടെ ഒരു വാൾ തുളച്ചു കയറും (ലൂക്ക. 2:35). ആത്മാവിനാണല്ലോ ശരീരത്തിനേക്കാൾ മഹത്വമുള്ളത്. അതിനാൽ തന്നെ മറ്റെല്ലാ രക്തസാക്ഷികളെക്കാളും മഹത്തരമായ രക്തസാക്ഷിത്വം പരിശുദ്ധ മറിയം തന്റെ തിരുകുമാരനെ പ്രതി സ്വീകരിച്ചു.

വിശുദ്ധ അർണോൾഡ് പറയുന്നത് ശ്രദ്ധേയമാണ്. പാപമില്ലാത്ത കുഞ്ഞാട് കാൽവരിയിൽ മഹത്തായ ബലിയർപ്പിച്ചപ്പോൾ സാക്ഷ്യം വഹിക്കാനായി സന്നിഹിതരായവർ രണ്ടു മഹത്തായ അൽത്താരകൾ കണ്ടിരിക്കും. ഒന്ന്, ഈശോയുടെ ശരീരത്തിലും മറ്റൊന്ന് പരിശുദ്ധ മറിയത്തിന്റെ ഹൃദയത്തിലുമാണ്. പുത്രൻ തന്റെ ശരീരബലി അർപ്പിച്ചതുപോലെ പരിശുദ്ധ മറിയം തന്റെ ആത്മാവിനെ സമർപ്പിച്ചു മറ്റു രക്തസാക്ഷികൾ അവരുടെ സ്വന്തം ജീവിതം സമർപ്പിക്കുകവഴി സഹനത്തിലൂടെ കടന്നുപോയി. എങ്കിൽ, പരിശുദ്ധ മറിയം തന്റെ ജീവിതവും താൻ അത്യധികമായി സ്നേഹിച്ച പുത്രന്റെ ജീവിതവും സമർപ്പിച്ചു. യേശു ശരീരത്തിൽ സഹിച്ചതെല്ലാം പരിശുദ്ധ മറിയം ആത്മാവിൽ സഹിച്ചു. അങ്ങനെ ഈശോയുടെ പീഢാനുഭവങ്ങളുടെയെല്ലാം കണ്ണാടിയായി പരിശുദ്ധ മറിയത്തിന്റെ ഹൃദയം മാറി.

സ്വേച്ഛാധിപതികൾ ഏൽപ്പിച്ച മുറിവുകളാണ് രക്തസാക്ഷികൾ സഹിച്ചത്. എന്നാൽ, ഈശോയോടുള്ള സ്നേഹം എല്ലാ വേദനകളെയും മാധുര്യമുള്ളതും അമൂല്യവുമാക്കിതീർക്കുന്നു. വിശുദ്ധ അഗസ്തീനോസ് പറയുന്നത്, ദൈവീക സ്നേഹമാകുന്ന വീഞ്ഞിനാൽ ലഹരി പിടിപ്പിക്കപ്പെട്ടതിനാൽ അദ്ദേഹത്തിന് പീഢനമോ മരണമോ അനുഭവപ്പെട്ടിട്ടില്ല എന്നാണ്. ഈശോയോടുള്ള രക്തസാക്ഷികളുടെ സ്നേഹം എത്രമാത്രം വലുതായിരുന്നോ അത്രയും കുറച്ചുമാത്രമേ അവർക്ക് പീഢനങ്ങളുടെയും മരണത്തിന്റെയും ഭയം അനുഭവവേദ്യമായുള്ളൂ. ഈശോയുടെ സഹനങ്ങളെക്കുറിച്ചുള്ള കാഴ്ച്ചമാത്രം അവരെ ആശ്വസിപ്പിക്കാൻ മതിയാകുന്നതായിരുന്നു. പരിശുദ്ധ മറിയത്തിന്റെ ഹൃദയത്തിൽ ഈശോയോട് രണ്ടു തരത്തിലുള്ള സ്നേഹം നിലനിന്നിരുന്നുവെന്ന് കരുതാം. തന്റെ ദൈവമായി ഈശോയെ സ്നേഹിച്ച അതിസ്വാഭാവിക സ്നേഹവും മകനായി ഈശോയെ സ്നേഹിച്ച സ്വാഭാവിക സ്നേഹവും. പരിശുദ്ധ മറിയത്തിന്റെ സ്നേഹത്തെപ്പോലെ മറ്റൊരു സ്നേഹമില്ലാത്തതുകൊണ്ട് പരിശുദ്ധ മറിയത്തിന്റെ ദുഃഖത്തെപോലെ വേറൊരു ദുഃഖവമില്ല.

നമ്മോടുള്ള സ്നേഹത്തെപ്രതി പീഢാനുഭവത്തിനു വിട്ടുകൊടുത്തതിന് ഈശോയോട് നാം കടപ്പെട്ടിരിക്കുന്നതുപോലെ നമ്മുടെ രക്ഷയ്ക്കുവേണ്ടി പരിശുദ്ധ മറിയം സഹിച്ച സഹനങ്ങളെപ്രതി പരിശുദ്ധ മറിയത്തോടും കടപ്പാട് ഉണ്ടായിരിക്കേണ്ടതാണ്. നമ്മുടെ ആത്മാക്കൾ രക്ഷിക്കപ്പെടാതെ പഴയ അവസ്ഥയിൽ കിടക്കുന്നതു കാണാൻ ആഗ്രഹിക്കാത്തതുകൊണ്ട് പരിശുദ്ധ മറിയം ഏതു തരത്തിലുള്ള വേദനയും സഹിക്കാൻ തയ്യാറായിരുന്നു.

ബിനാസ്ക്കോയിലെ വാഴ്ത്തപ്പെട്ട വെറോനിക്കായ്ക്ക് ഈശോ വെളിപ്പെടുത്തിയത്, ഈശോയെ ആശ്വസിപ്പിക്കുന്നതിനേക്കാൾ കൂടുതലായി തന്റെ അമ്മയെ ആശ്വസിപ്പിക്കുന്നതായി കാണുന്നതാണ് തന്നെ അത്യധിക്മായി സന്തോഷിപ്പിക്കുന്നത് എന്നാണ്. അപ്പോൾ നമുക്ക് നന്ദിപൂർവ്വം പരിശുദ്ധ മറിയത്തിന്റെ ദുഃഖങ്ങളെ ധ്യാനിക്കുകയും പരിശുദ്ധ മറിയത്തിന്റെ സഹനങ്ങളോടു അനുകമ്പ പ്രകടിപ്പിക്കുകയും ചെയ്യാം.



# വിവാഹ ഒരുക്ക സെമിനാർ 2019

**സെപ്റ്റംബർ, ഒക്ടോബർ മാസത്തിലേയ്ക്കുള്ള റജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.**

| *Month* | *1st Day* | *2nd Day* | *3th Day* | *4th Day* |
|---|---|---|---|---|
| September 2019 | 04th Wed | 05th Thu | 6th Fri | 7th Sat |
| October 2019 | 09th Wed | 10th Thu | 11th Fri | 12th Sat |

വിവാഹഒരുക്കത്തിനായുള്ള മലയാളത്തിലുള്ള പഠന ക്ലാസ്സുകൾ, ദുബായ് മുഹൈസ്നായിലുള്ള സെന്റ് മേരീസ് കാത്തലിക് സ്കൂളിൽ മുകളിൽ കൊടുത്തപോലെ ബുധൻ, വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ നടത്തപ്പെടുന്നു.

**ബുധൻ, വ്യാഴം ദിവസങ്ങളിൽ വൈകീട്ട് 8 മുതൽ 10.30 വരെ.**
**വെള്ളിയാഴ്ച രാവിലെ 9 മുതൽ വൈകീട്ട് 5.30 വരെ.**
**ശനിയാഴ്ച വൈകുന്നേരം 7 മുതൽ 10.30 വരെ.**

പങ്കെടുക്കാനാഗ്രഹിക്കുന്നവർ അലക്സച്ചന്റെ ഓഫീസിൽ (റൂം നമ്പർ 7) നേരിട്ടെത്തി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ ബാച്ചിലും 60 പേർക്കാണ് പങ്കെടുക്കാനാവുക. ആദ്യമെത്തുന്ന ക്രമമനുസരിച്ചായിരിക്കും സീറ്റുകൾ ലഭ്യമാവുക. നാലു ദിവസത്തെ എല്ലാ ക്ലാസ്സിലും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ക്ലാസ് തുടങ്ങിയതിന് ശേഷം താമസിച്ച് വരുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതല്ല. രജിസ്ട്രേഷനുശേഷം ക്ലാസ്സുകളിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്ക് രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുകയില്ല.

## വിവാഹത്തിനായ് NOC വാങ്ങാൻ വരുന്നവരുടെ ശ്രദ്ധയ്ക്ക്

1. നാട്ടിലെ ഇടവകയിൽനിന്നുള്ള ആറ് മാസത്തിലധികം പഴക്കമില്ലാത്ത മാമ്മോദീസ സർട്ടിഫിക്കറ്റ് കോപ്പി കൊണ്ടുവരേണ്ടതാണ്.
2. മലയാളി കമ്യൂണിറ്റി (MCC) മെമ്പർഷിപ്പ് എടുത്തിരിക്കണം. കൂടാതെ പാരിഷ് വെബ്സൈറ്റിലൂടെ പാരിഷ് മെമ്പർഷിപ്പ് എടുത്ത് ആ ഐ.ഡി. നമ്പറും കൊണ്ടുവരേണ്ടതാണ്.
3. Free state certificate/NOC പള്ളി ഓഫീസിൽ നിന്നും വാങ്ങേണ്ടതാണ്.



## ആതുര ശുശ്രൂഷയിൽ സ്നേഹസ്പർശമേകുന്ന നേഴ്സുമാരുടെ കൂട്ടായ്മ

# നേഴ്സസ് മിനിസ്ട്രി

രണ്ടായിരത്തോളം വർഷങ്ങൾക്കു മുമ്പ് ഈശോയുടെ കരങ്ങളിലൂടെ അനേകർ രുചിച്ചറിഞ്ഞ സൗഖ്യത്തിന്റെ മാധുര്യം ഇന്നും ലോകത്തിന് പകർന്നു നല്കുവാൻ ഈശോ പ്രത്യേകമായി തെരെഞ്ഞെടുത്തവരാണ് നേഴ്സുമാർ. ദൈവം സ്വന്തം ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ചിരിക്കുന്ന മനുഷ്യരുടെ ശരീരത്തിന്റെ മാത്രമല്ല, ആത്മാവിന്റെകൂടി കാവൽക്കാരാണ് ഓരോ നേഴ്സും. വിശുദ്ധ മദർ തെരേസ പറയുന്നു. - Nursing is not Just a Profession, its a vocation, because you are dealing with life, which is created in the image of God.. അതെ ഓരോ വ്യക്തിയുടെയും ജനനത്തിലും മരണത്തിലും രോഗത്തിന്റെ തീവ്രവേദനയിലും, നിരാശയിലും, പ്രിയപ്പെട്ടവർ ആരും അരികെയില്ലാത്തപ്പോഴും സാന്ത്വനസ്പർശമായി അരികെയുള്ളവരാണ് നേഴ്സുമാർ. വർണ്ണ, വർഗ്ഗ, പ്രായ, ഭാഷാ ഭേദമില്ലാതെ ഒരിക്കലെങ്കിലും നേഴ്സുമാരുടെ ശുശ്രൂഷ ലഭിക്കാത്തവർ ഇന്ന് ലോകത്തിൽ വിരളമാണ്. ഒരോ വ്യക്തികളുടെയും ജീവിതങ്ങളെ ഇത്രയേറെ സ്വാധീനിക്കാൻ സാധ്യതയുള്ള നേഴ്സുമാർ അവരുടെ ദൈവവിളി തിരിച്ചറിഞ്ഞ് ശുശ്രൂഷ ചെയ്യുവാനായി പരിശുദ്ധാത്മാവ് ഈ കാലഘട്ടത്തിൽ നട്ടുവളർത്തിയ കൂട്ടായ്മയാണ് നേഴ്സസ് മിനിസ്ട്രി. ഈ കൂട്ടായ്മ ആദ്യമായി രൂപം കൊണ്ടത് 2003 ൽ നമ്മുടെ ദുബായ് സെന്റ് മേരിസ് ചർച്ചിലാണെന്നുള്ളത് നമുക്ക് ഏറ്റവും നന്ദിയോടെയും സന്തോഷത്തോടെയും ഓർമ്മിക്കാം. ലോകമെമ്പാടുമുള്ള സകല നേഴ്സുമാരും ഇശോയെ അറിഞ്ഞ് ആ സ്നേഹം അനുഭവിച്ച് അത് സഹപ്രവർത്തകരിലേയ്ക്കും കുടുംബത്തിലേയ്ക്കും ശുശ്രൂഷിക്കുന്ന രോഗികളിലേയ്ക്കും പങ്കുവെച്ച് വിശുദ്ധരായി തീരണം എന്നുള്ളതാണ് ഈ കൂട്ടായ്മയുടെ ലക്ഷ്യം. അങ്ങനെ അവരിലൂടെ ലോകം യേശുവിനെ കണ്ടുമുട്ടണം. ആശുപത്രികിടക്കയിലിരിക്കുമ്പോൾ ലഭിച്ച നേഴ്സുമാരുടെ സ്നേഹപരിചരണത്തിലൂടെ നിരീശ്വരവാദികൾപോലും ദൈവത്തിലേയ്ക്കു തിരിച്ചുവരുന്ന ജീവിത സാക്ഷ്യങ്ങൾ നാം ഏറെ വായിച്ചിട്ടുണ്ട്. തളർവാത രോഗിയെ കൊണ്ടുവന്നവരുടെ വിശ്വാസം നിമിത്തം അവനെ സുഖപ്പെടുത്തിയ കർത്താവിന് ഇന്നും ഭൂമിയിലെ മാലാഖമാരുടെ ഉറച്ച വിശ്വാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും അവർ ശുശ്രൂഷിക്കുന്ന രോഗികളെ സുഖപ്പെടുത്താൻ

കഴിയും

2003 ൽ ദുബായിൽ ആരംഭിച്ച നേഴ്സസ് മിനിസ്ട്രി ഇന്ന്, യു. എ. ഇ. യിലെ എല്ലാ എമിറേറ്റ്സിലേയ്ക്കും മറ്റ് ജി.സി.സി. രാജ്യങ്ങളിലേയ്ക്കും തുടർന്ന് യൂറോപ്പ്, ആഫ്രിക്ക തുടങ്ങി അഞ്ച് ഭൂഖണ്ഡങ്ങളിലേയ്ക്കും പരിശുദ്ധാത്മാവ് പടിപടിയായി വളർത്തുമ്പോൾ ദൈവത്തിന് നേഴ്സുമാരെക്കുറിച്ചുള്ള പദ്ധതി എത്ര വലുതാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഓരോ സ്ഥലങ്ങളിലേയും നേഴ്സസ് കൂട്ടായ്മകൾ ഇടവക ദേവാലയത്തോട് ചേർന്ന് ബഹുമാനപ്പെട്ട വൈദീകരുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഇടവകയിലെ എല്ലാ പ്രവർത്തനങ്ങളിലും പ്രത്യേകമായി മെഡിക്കൽ സപ്പോർട്ടും നല്കികൊണ്ട് ഏറെ അഭിഷേകത്തോടെ മുന്നോട്ടു നീങ്ങുന്നു. കൗദാശിക ജീവിതം, തിരുവചന പഠനം, വ്യക്തിപരമായ പ്രാർത്ഥന, സുവിശേഷവത്കരണം ഇവാൻഞ്ചലൈസേഷൻ എന്നിവയിലൂടെ ഓരോ നേഴ്സും ദൈവവുമായി ആഴമായ ബന്ധത്തിലേക്ക് കടന്നുവരുന്നു.

ദുബായിലെ നേഴ്സസ് കൂട്ടായ്മ എല്ലാ ശനിയാഴ്ച്ചയും വൈകീട്ട് 6 മണിമുതൽ 8 മണി വരെ മിനി ഹാളിന് മുകളിൽ, റൂം 2ൽ നടത്തപ്പെടുന്നു. എല്ലാ മാസത്തേയും 4-ാം ശനിയാഴ്ച്ച മലയാളികൾക്ക് പുറമെയുള്ള നേഴ്സുമാരെ കൂടി പങ്കെടുപ്പിക്കുവാനായി ഇംഗ്ലീഷിലാണ് നടത്തപ്പെടുന്നത്.

ഈ അവസരത്തിൽ ദുബായ് നേഴ്സസ് മിനിസ്ട്രിക്ക് എല്ലാ മാർഗ്ഗ നിർദ്ദേശങ്ങളും നല്കുന്ന ബഹുമാനപ്പെട്ട ലെന്നി അച്ചനെയും ബഹുമാനപ്പെട്ട അലക്സ് അച്ചനെയും സ്നേഹത്തോടെ ഓർമ്മിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതോടൊപ്പം എല്ലാ നേഴ്സുമാരെയും ഏറെ സ്നേഹത്തോടെ ഈ സ്നേഹകൂട്ടായ്മയിലേയ്ക്ക് ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

ഒരിക്കൽകൂടി ലോകം മുഴുവനിലുമുള്ള സകല നേഴ്സുമാരും ദൈവസ്നേഹത്താൽ നിറഞ്ഞ് ശുശ്രൂഷചെയ്ത് തിരുസ്സഭയുടെ ദൗത്യമായ ലോക സുവിശേഷവത്കരണം ഏറ്റവും വേഗം സാധ്യമാകുവാനായി പരിശുദ്ധ അമ്മയുടെ വിമലഹൃദയം വഴി ഈശോയ്ക്ക് സമർപ്പിച്ച് നമുക്കൊന്ന് ചേർന്ന് പ്രാർത്ഥിക്കാം. നന്മ നിറഞ്ഞ മറിയമേ സ്വസ്തി ... ആമേൻ

സ്നേഹപൂർവ്വം

**നിമ്മി പോളി**
(കോർഡിനേറ്റർ)

**സ്റ്റീഫൻ സെബാസ്റ്റ്യൻ**
(അസ്സി.കോർഡിനേറ്റർ)

നേഴ്സസ് മിനിസ്ട്രി, ദുബായ്

ആതുരശുശ്രൂഷകരെ, ഈശോ നിങ്ങളെ വിളിക്കുന്നു,
കൃപകളാൽ നിറയ്ക്കുവാൻ

## ഹീലിങ്ങ് ഹാന്റ്സിലേയ്ക്ക്...

ദുബായിലെ എല്ലാ മലയാളി നേഴ്സുമാർക്കുമായി നേഴ്സസ് മിനിസ്ട്രി ഒരുക്കുന്ന സ്നേഹപൂർവ്വമായ ഹീലിങ്ങ് ഹാന്റ്സ് എന്ന പ്രോഗ്രാമിലേയ്ക്ക് സ്വാഗതം.

ഈ സ്വർഗ്ഗീയ വിരുന്നിൽ പങ്കെടുക്കുക, ദൈവസ്നേഹത്താൽ നിറഞ്ഞ്, യേശുവിന്റെ ജ്വലിക്കുന്ന സാക്ഷിയാകുക

തിയതി: 14-09-2019
**സ്ഥലം: മിനി ഹാൾ, സെന്റ് മേരീസ് ചർച്ച്, ദുബായ്**
സമയം: ഉച്ചയ്ക്ക് 1 മണി മുതൽ വൈകീട്ട് 5 മണി വരെ

JESUS YOUTH UAE
JUBILEE 2019

# ജീസസ് യൂത്തും ജൂബിലി ഒരുക്കങ്ങളും

1985 ൽ കൊച്ചു കേരളത്തിലെ കൊച്ചിയിൽ കരിസ്മാറ്റിക് അനുഭവത്തിലൂടെ യേശുവിനെ അറിഞ്ഞ കുറച്ച് യുവജനങ്ങൾ ഒരുമിച്ച് കൂടി അവരുടെ യുവസഹജമായ ഊർജവും സമയവും യേശുവിനായി, സഭക്കായി നൽകാനാരംഭിച്ചു. ആ ചെറിയ കൂട്ടായ്മ വളർന്ന് പന്തലിച്ച് ഇന്ന് 40 ഓളം രാജ്യങ്ങളിൽ കത്തോലിക്കാസഭയിലെ തീക്ഷണതയും ആർജ്ജവും ഉള്ള ഒരു മുന്നേറ്റമായി മാറി ക്കഴിഞ്ഞിരിക്കുന്നു. സഭയുടെ ആത്മീയ കൗദാശിക മണ്ഡലങ്ങളെ ജീവനും ഓജസ്സും ഉള്ളതാക്കി തീർക്കുന്നതിൽ ഇന്ന് ജീസസ് യൂത്തിന്റെ പങ്ക് നിർണായകമാണ്.

1994 ൽ ദുബായിൽ പ്രവാസജീവിതം നയിച്ചുകൊണ്ടിരിക്കുന്ന കേരളീയരും ജീസസ് യൂത്ത് ജീവിത ശൈലി സ്വന്തമാക്കി യവരുമായ ഏതാനും യുവജനങ്ങൾ അവർ സ്വന്തമാക്കിയ യേശുവിനെ മറ്റുള്ളവരിലേ യ്ക്കും പകരണം എന്ന തീവ്രമായ ആഗ്രഹ ത്താൽ ഒരുമിച്ചു കൂടുകയും പ്രാർത്ഥിക്കു കയും ചെയ്തു.

അവരുടെ പ്രാർത്ഥനകൾ വളരെ സഹനം നിറഞ്ഞതായിരുന്നു, ദുബായ് പള്ളിയുടെ ബാസ്ക്കറ്റ്ബോൾ കോർട്ടിലും അച്ചന്റെ മുറിയിലുമായി ഒതുങ്ങിനിന്നിരുന്നു. പ്രാർത്ഥന കൂട്ടായ്മ നിരന്തരം പ്രവർത്തന നിരതമായ പരിശുദ്ധാത്മ ശക്തിയാൽ വളരെവേഗം പടർന്നു പന്തലിച്ചു. ജീസസ് യൂത്ത് മുന്നേറ്റം യു.എ.ഇ. യിൽ തഴച്ചു വളരുകയായിരുന്നു. ദുബായിൽ നിന്നും ഷാർജയിലേക്കും പിന്നീട് 1996ൽ അബുദാബി യിലേക്കും, 2008 ആയപ്പോഴേക്കും മറ്റ് എമിറേറ്റുകളിലേയ്ക്കും ജീസസ് യൂത്തിന് വാതിൽ തുറന്നുകിട്ടി. യു.എ.ഇ.യിലെ യുവജനങ്ങൾക്കിടയിൽ ഇന്ന് ജീസസ് യൂത്ത് അതിന്റെ തനത് മുദ്ര പതിപ്പിച്ചു കഴിഞ്ഞു.

ജീസസ് യൂത്ത് പ്രാർത്ഥനാകൂട്ടായ്മകൾക്ക് നേതൃത്വം നല്കാൻ സർവ്വീസ് ടീം അംഗങ്ങൾ ഉണ്ട്. യു.എ.ഇ. തലത്തിൽ എല്ലാ എമിറേറ്റ് സിൽനിന്നും അംഗങ്ങളെ ഉൾകൊള്ളിച്ചു കൊണ്ടുള്ള നാഷണൽ ടീമും ഇവർക്കു വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കാൻ സ്പിരി ച്വൽ ഡയറക്ടറും ആനിമേറ്റേഴ്സും ഉണ്ട്. എന്നാൽ, ഇതിനെല്ലാം ഉപരിയായി പരിശുദ്ധാ ത്മാവാണ് ജീസസ് യൂത്തിനെ നയിക്കുന്നത്.

ഈ വർഷം 2019 ൽ ജീസസ് യൂത്തിന്റെ ജൂബിലിയാഘോഷങ്ങൾ ദുബായിലും മറ്റ് എല്ലാ എമിറേറ്റുകളിലും ആരംഭിച്ചു കഴിഞ്ഞു. ജൂബിലി ആഘോഷങ്ങൾ മൂന്ന് ഘട്ടങ്ങളിലാ യാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. Recollect, Reconnect, Rejoice.

## RECOLLECT

2019 ജനുവരി 11 ന് ജീസസ് യൂത്ത് യു.എ.ഇ. യുടെ ഒരുവർഷം നീളുന്ന ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. ബിഷപ്പ് പോൾ ഹിന്റർ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ അന്നേ ദിവസം വിശുദ്ധ കുർബ്ബാനയും പൊതുസമ്മേളനവും ദുബായ് സെന്റ്. മേരിസ് ദേവാലയത്തിൽ വെച്ച് നടത്തപ്പെട്ടു.



## RECONNECT

ഓഗസ്റ്റ് 2 ന് ദുബായ് ജീസസ് യൂത്തിന്റെ റീ-കണക്റ്റ് ഫേസ് മിനി ഹാളിൽ വെച്ച് നിറപ്പകിട്ടാർന്ന പരിപാടികളോടെ ആഘോഷിച്ചു.



## REJOICE

നവംബർ 29 മുതൽ ഡിസംബർ 2 വരെ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം വർണ്ണാഭമായി ദുബായ് സെന്റ്. മേരിസ് ദേവാലയത്തിൽ വെച്ച് നടത്തപ്പെടുന്നു.






# പ്രണയം

കൗമാരത്തിൽ നിന്ന് യവ്വനത്തിന്റെ അതിമനോഹര മായ ജീവിത നിമിഷങ്ങളിലേക്ക് ഞാൻ ഒടിക്കയറിയത് പ്രണയത്തിന്റെ അതിസുന്ദരമായ പുതിയ പാന്ഥാവിലൂടെയായിരുന്നു.

കൗമാരാകർഷണങ്ങളുടെ തിരതള്ളലിൽ എന്നിലെ യുവഹൃദയവും തുടിച്ച നിമിഷങ്ങൾ, അന്താരാഷ്ട്ര യുവജന വർഷമായ 1985ൽ എന്നിലെ പ്രണയ വർണ്ണങ്ങൾ അതിന്റെ അതിമനോഹരമായ ചക്രവാളങ്ങളിലെക്ക് ഉയർന്ന് പൊങ്ങി. ആ പ്രണയ രാഗങ്ങൾ എന്നിൽ ഉയർത്തിയ വർണ്ണരാജികൾ അതേ പുതുമയോടെ തീവ്രതയോടെ എന്നിൽ ഇന്നും തുടിക്കുന്നു.

ഭക്തിയും, ആത്മീയതയും, പ്രാർത്ഥനകളും എല്ലാം വിരസവും യാന്ത്രികമായിരുന്ന എന്റെ കൗമാരം ആ പുതിയ പ്രണയത്തുടിപ്പിൽ ജീവൻ തുടിക്കുന്ന പുതുനാമ്പായി വളർന്ന് പന്തലിച്ചു.

എന്റെ ആത്മനാഥനെ ഞാൻ കണ്ടുമുട്ടിയ നിമിഷങ്ങൾ മൂന്നു പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും എന്റെ ഓർമ്മയുടെ മണിച്ചെപ്പിൽ തീവ്രാനുരാഗത്തിന്റെ തിരമാലകൾ ഉയർത്തുന്നു.

34 വർഷങ്ങൾക്കു മുമ്പ് ആ ദിവ്യപ്രണയ ലഹരി നുണഞ്ഞു തുടങ്ങിയ ഞാൻ ഇന്നും ആ ലഹരിക്ക് അടിമയാണ്, ആ ലഹരിയുടെ തീവ്രത നാൾക്കുനാൾ വർദ്ധിക്കുന്നു. ആ പ്രണയം തീവ്രഭക്തിയുടെ എല്ലാ ഭാവങ്ങളും എന്നിൽ ഉണർത്തുന്നു.

മഹത്വവും ആനന്ദവും സന്തോഷവും ആഹ്ലാദത്തിൻെറ മകുടവുമാണ് കർത്താവിനോടുള്ള ഭക്തി. അത് ഹൃദയത്തെ ആനന്ദിപ്പിക്കുന്നു; സന്തോഷവും ആനന്ദവും ദീർഘായുസ്സും പ്രദാനം ചെയ്യുന്നു. (പ്രഭാഷകൻ1: 11–12) എന്ന തിരുലിഖിതങ്ങൾ വഴി എന്നിൽ ജീവൻ തുടിക്കുന്നത് ഞാൻ അനുഭവിക്കുന്നു.

പരിശുദ്ധ അമ്മയോട് ചേർന്നു ഞാനും പറയുന്നു 'എന്റെ രക്ഷകനായ ദൈവത്തിൽ ഞാൻ ആനന്ദിക്കുന്നു.' (ലൂക്കാ: 1:47)

**(ഒരു ജീസസ് യൂത്തിന്റെ ഹൃദയക്കുറിപ്പുകൾ)**

## മലയാളത്തിലുള്ള ദിവ്യബലി സമയം

- **എല്ലാവെള്ളിയാഴ്ച്ചയും** : **ഉച്ചകഴിഞ്ഞ് 2:00 മണിക്ക്**
- എല്ലാ മാസവും ആദ്യ വ്യാഴാഴ്ച്ച : വൈകുന്നേരം 8:00 മണിക്ക്, തുടർന്ന് ഒപ്പീസ്
- എല്ലാ മാസവും മൂന്നാമത്തെ വ്യാഴാഴ്ച്ച : വൈകുന്നേരം 8:00 മ ണിക്ക്, തുടർന്ന് വി. അന്തോണീസിനോടുള്ള നൊവേന
- എല്ലാ മാസവും നാലാമത്തെ ബുധനാഴ്ച്ച : വൈകുന്നേരം 8:00 മണിക്ക്

**മലയാളത്തിലുള്ള ദിവ്യബലി സമയം (മലങ്കര റീത്തിൽ)**

എല്ലാ വെള്ളിയാഴ്ച്ചകളിലും : വൈകുന്നേരം 7.30 മണിക്ക്, മിനി ഹാളിൽ

**കരിസ്മാറ്റിക് പ്രാർത്ഥനാ സമയം**

1. എല്ലാ മാസവും ആദ്യവെള്ളിയാഴ്ച്ചകളിൽ : ഉപവാസപ്രാർത്ഥന (രാവിലെ 10:30 മുതൽ 1:40 വരെ)
2. എല്ലാ തിങ്കളാഴ്ച്ചകളിലും : പ്രാർത്ഥനാ കൂട്ടായ്മ - മെയിൻ ഹാളിൽ (വൈകുന്നേരം 7:30 മുതൽ 9:00 വരെ)
3. എല്ലാ വെള്ളിയാഴ്ച്ചകളിലും : മധ്യസ്ഥപ്രാർത്ഥന - റൂം നമ്പർ 6-ൽ വച്ച് (രാവിലെ 10:00 മുതൽ 11:00 വരെ)

**ജീസസ് യൂത്ത് പ്രാർത്ഥനാ സമയം**
എല്ലാ വെള്ളിയാഴ്ച്ചകളിലും
02:00 മണിക്കുള്ള മലയാളം ദിവ്യബലിക്കുശേഷം
(സ്ഥലം: റും നമ്പർ 6 - മിനിഹാൾ ബിൽഡിംഗ്)

**നഴ്സസ്മിനിട്രി പ്രാർത്ഥനാസമയം**
എല്ലാ ശനിയാഴ്ച്ചകളിലും
വൈകുന്നേരം 6 - 8 മണിവരെ
(സ്ഥലം: റും നമ്പർ 2 - മിനിഹാൾ ബിൽഡിംഗ്)

**കുമ്പസാരത്തിനുള്ള സമയം**

മലയാളത്തിൽ കുമ്പസാരിക്കുവാനുള്ള സമയക്രമീകരണങ്ങൾക്കും മറ്റ് അറിയിപ്പുകൾക്കും, **www.mccdubai.org.** സന്ദർശിക്കുക.
അറിയിപ്പുകൾ ഇമെയിലിൽ ലഭിക്കുന്നതിന്: Subscribe online
M. C. C. Registration form: Download from the website

MALAYALEE CATHOLIC CONGREGATION
MARY'S CHURCH, DUBAI

Malayalee Catholic Congregation

www.mccdubi.org for Malayalee Catholic Congregation informations


# വാഗ്ദാനം മാസികയിലേക്ക് രചനകൾ ക്ഷണിക്കുന്നു.

നിങ്ങളുടെ ക്രിസ്തീയചൈതന്യം തുളുമ്പുന്ന രചനകൾ; അവ ലേഖനങ്ങൾ, കവിതകൾ, ചെറുകഥകൾ, കൊച്ചുകൊച്ചു ചിന്താശകലങ്ങൾ, കാർട്ടൂണുകൾ തുടങ്ങി എന്തുമാകട്ടെ, ഞങ്ങൾക്കയച്ചുതരിക. രചനകൾ **A4 പേപ്പറിൽ ഒരുപുറത്ത് മാത്രം**, ലേഖനങ്ങൾ 400 വാക്കുകളിൽ കവിയാതെയും, കവിത 30 വരിയിൽ കവിയാതെയും, എഴുതി നല്കുക. പേരും മൊബൈൽ നമ്പരും, പാസ്പോർട്ട് സൈസിലുള്ള ഫോട്ടോയും വയ്ക്കാൻ മറക്കരുത്.


ഇമെയിൽ വഴിയായോ (**vagdanam.dubai@gmail.com**)
**അലക്സച്ചന്റെ ഓഫീസിലോ** ഏല്പിക്കാവുന്നതാണ്.






# മലയാളി കത്തോലിക്ക സമൂഹത്തിന്റെ പുതിയ വെബ്സൈറ്റ് സന്ദർശിക്കുക.

# www.mccdubai.org




- കുർബാന സമയക്രമങ്ങൾ
- മലയാളത്തിലുള്ള കുമ്പസാര സമയങ്ങൾ
- വിവാഹ ഒരുക്ക സമയക്രമങ്ങൾ
- വെള്ളിയാഴ്ച അറിയിപ്പുകൾ
- തിരുനാളുകളുടേയും ആഘോഷങ്ങളുടേയും ഫോട്ടോകൾക്ക്

**Feasts** **Events**

## വെബ്സൈറ്റിലൂടെ മലയാളി കത്തോലിക്ക കൂട്ടായ്മയുടെ മിനിസ്ട്രികളെ പരിചയപ്പെടുക

കരിസ്മാറ്റിക്ക് പ്രാർത്ഥന

ജീസസ് യൂത്ത്

നേഴ്സ്സ് മിനിസ്ട്രി

EMHS

Alter Services




വളണ്ടിയർ സർവീസ്



ഗാന ശുശ്രൂഷ

വെബ്സൈറ്റ് സബ്സ്ക്രൈബ് ചെയ്താൽ അറിയിപ്പുകൾ e-mail ആയി ലഭിക്കും.